പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നംപർ 2635 11.10.2011 -ലെ മറുപടിക്ക്

## പി.ഡബ്ല്യൂ.ഡി. മാന്വൽ പരിഷ്കരണ നടപടികൾ

**ചോദ്യം**

**ശ്രീ. കെ.ദാസൻ**

മുൻ സർക്കാരിന്റെ കാലത്ത് അംഗീകരിച്ച പി.ഡബ്ല്യൂ.ഡി. മാന്വൽ , പി.ഡബ്ല്യൂ.ഡി. കോഡ്, ഡാറ്റാ ബുക്ക് എന്നിവയുടെ പരിഷ്കരണ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ?

**ഉത്തരം**

**ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്**
**(മരാമത്ത് വകുപ്പ് മന്ത്രി)**

മുൻ സർക്കാരിന്റെ കാലത്ത് പി.ഡബ്ല്യൂ.ഡി. മാന്വൽ പരിഷ്കരിക്കുന്നതിന് “കരട്” തയ്യാറാക്കുകയും ക്യാബിനറ്റിൽ വയ്ക്കുകയും ചെയ്തിരുന്നു. എന്നാൽ ജി.ഒ. പുറപ്പെടുവിച്ചിരുന്നില്ല. ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം മാന്വൽ സമഗ്രമായി പരിഷ്കരിക്കുന്നതിന് കരട് തയ്യാറാക്കുകയും ധനവകുപ്പിന്റെ അഭിപ്രായത്തിന് അയച്ച് കൊടുക്കുകയും ചെയ്തു. ഇപ്പോൾ അത് ചീഫ് ടെക്നിക്കൽ എക്സാമിനറുടെ പരിശോധനയിലിരിക്കുകയാണ്. മാന്വൽ പരിഷ്കരണം പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ കോഡ് പരിഷ്കരണ നടപടികൾ ആരംഭിക്കാൻ കഴിയുകയുള്ളൂ. പൊതുമരാമത്ത് വകുപ്പ് സ്റ്റാൻഡേർഡ് ഡാറ്റാ ബുക്ക് പരിഷ്കരണത്തിനായി മുൻ സർക്കാരിന്റെ കാലത്ത് ഒരു ടെക്നിക്കൽ കമ്മിറ്റിയെ നിയോഗിച്ചിരുന്നു. ടി കമ്മിറ്റി പരിഷ്കരിച്ച കരട് സ്റ്റാൻഡേർഡ് ഡാറ്റാ ബുക്ക് സർക്കാരിന് സമർപ്പിക്കുകയും ചെയ്തിരുന്നു. ഇതിന്റെ സൂക്ഷ്മ പരിശോധനയ്ക്കായി ഒരു എക്സ്പേർട്ട് കമ്മിറ്റിയെ സർക്കാർ നിയോഗിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ